# പതിനാലാം കേരള നിയമസഭ
# രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം.2810 17.10.2016 ൽ മറുപടിയ്ക്ക്

## പരിയാരം സർക്കാർ ആയുർവേദ കോളേജ്

| ചോദ്യം<br>ശ്രീ.റ്റി.വി.രാജേഷ് | | ഉത്തരം<br>ശ്രീമതി കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | രജത ജൂബിലി ആഘോഷിക്കുന്ന മലബാറിലെ ഏക സർക്കാർ ആയുർവേദ മെഡിക്കൽ കോളേജായ പരിയാരം സർക്കാർ ആയുർവേദ കോളേജിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനും അക്കാദമിക് നവീകരണത്തിനും ബഹു.മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ നടന്ന യോഗത്തിൽ കൈക്കൊണ്ട തീരുമാനങ്ങൾ നടപ്പിൽ വരുത്തുന്നതിന് ഇതിനകം എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ; | (എ) | പരിയാരം സർക്കാർ ആയുർവേദ കോളേജിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനും അക്കാദമിക് നവീകരണത്തിനും വേണ്ടി അദ്ധ്യാപക തസ്തികകൾ ഉൾപ്പെടെ വിവിധ തസ്തികകൾ സൃഷ്ടിക്കുന്നതിലേയ്ക്കായും പുതിയ പി.ജി. കോഴ്സുകൾ തുടങ്ങുന്നതിലേയ്ക്കായും യു.ജി. കോഴ്സിന്റെ സീറ്റ് വർദ്ധനവിലേയ്ക്കായും അധിക സാമ്പത്തിക സഹായം അനുവദിക്കുന്നതിനും ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസലുകൾ സർക്കാരിന്റെ പരിഗണനയിലാണ്. |
| (ബി) | യു.ജി.കോഴ്സിലെ വിദ്യാർത്ഥികളുടെ എണ്ണത്തിൽ വർദ്ധനവ് വരുത്തുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | യു.ജി.കോഴ്സിലെ വിദ്യാർത്ഥികളുടെ എണ്ണത്തിൽ വർദ്ധനവ് വരുത്തുവാനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. |
| (സി) | വിവിധ ഫാക്കൽറ്റികളുടെ അഭാവം മൂലം ആയുർവേദ മെഡിക്കൽ രംഗം നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ പരിയാരത്ത് കൂടുതൽ പി.ജി. കോഴ്സുകൾ ആരംഭിക്കുവാനും, നിലവിലുള്ള നിയമനം ത്വരിതപ്പെടുത്തുവാനും നടപടി സ്വീകരിക്കുമോ? | (സി) | കൂടുതൽ പി.ജി.കോഴ്സുകൾ ആരംഭിക്കുവാനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. നിയമനം ത്വരിതപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

| | | | |
|---|---|---|---|
| (ഡി) | പരിയാരം ആയുർവേദ കോളേജിന് അനുവദിച്ച സ്ത്രീകളുടെയും കുട്ടികളുടെയും ആയുർവേദ ആശുപത്രിയ്ക്ക് ഇതുവരെയായി എത്ര രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. വിശദാംശം നൽകുമോ: | (ഡി) | കണ്ണൂർ ഗവ. ആയുർവേദ കോളേജിനുവേണ്ടി അനുവദിച്ച സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയുടെ നിർമ്മാണത്തിനുവേണ്ടി 2.60 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ 2014-15, 2015-16, 2016-17 വർഷങ്ങളിൽ ബഡ്ജറ്റ് വിഹിതമായി മൂലധന ശീർഷകത്തിൽ അനുവദിച്ച 8.6 കോടി രൂപയുടെ ഭരണാനുമതിയും ടി കെട്ടിട നിർമ്മാണത്തിനുവേണ്ടി നൽകിയിട്ടുണ്ട്. |
| (ഇ) | ഇവിടെ ഡോക്ടർമാരുടെയും ജീവനക്കാരുടെയും തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ? | (ഇ) | സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയുടെ നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാക്കുന്ന മുറയ്ക്ക് ആശുപത്രിയിലേയ്ക്കാവശ്യമായ തസ്തിക സൃഷ്ടിക്കുന്നത് പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ